ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കിട്ടാത്തതുകൊണ്ടുള്ള പരാതി.

* 1388. [12] † ശ്രീ. എം. കെ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു ജില്ലയിൽ ചിലവിഭാഗം ഗവണ്മെൻറുദ്യോഗസ്ഥന്മാർക്കു് മാർച്ചുമാസത്തെ ശമ്പളം കിട്ടാതിരിക്കാൻ കാരണമെന്താണു് ;

(ബി) കോഴിക്കോട്ടു എൻ. ജി. ഓ. സംഘടനയുടെ വല്ല ആക്ഷേപവും ശമ്പളം കിട്ടാതിരുന്നതിനെ സംബന്ധിച്ചു് ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ;

(ഡി) മേലിൽ ശമ്പളം മാസംതോറും നിശ്ചിത തീയതിക്കു് കിട്ടാൻ വേണ്ടുന്ന നടപടി എടുക്കുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ചില താൽക്കാലിക തസ്തികകളുടെ കാലാവധി 1-3-1959 മുതൽ തുടരുവാൻ വേണ്ട അനുവാദം ലഭിക്കുന്നതിനു് നേരിട്ട അമാന്തമാണെന്നറിയുന്നു.

(ബി) ഉണ്ടു്.

(സി) മേൽ പറഞ്ഞ കാരണത്താൽ യഥാകാലം ശമ്പളം കിട്ടാതിരുന്നവക്കു താൽക്കാലിക തസ്തികകളും തുടരേണ്ട ആവശ്യമുണ്ടെന്നു ഡിപ്പാർട്ട്മെൻറു് മേധാവിക്കു ബോദ്ധ്യമാകുന്ന പക്ഷം മാർച്ചു്, ഏപ്രിൽ, മേയു് എന്നീ മാസങ്ങളിലെ ശമ്പളം വാങ്ങിക്കൊടുക്കാവുന്നതാണെന്നു ഗവണ്മെൻറു് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

(ഡി) ഇതുസംബന്ധിച്ചു് ചട്ടങ്ങളും നിലവിലുണ്ടു്. ഏതെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കുന്നതിൽ താമസം വരുന്നതായി ഗവണ്മെൻറിൻറെ അറിവിൽപ്പെട്ടാൽ അതു പരിഹരിക്കുന്നതിനായി സത്വര നടപടികളും എടുക്കുന്നതാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഏതെല്ലാം ഡിപ്പാർട്ട്മെൻറിലാണു് ഇങ്ങനെ സംഭവിച്ചിട്ടുള്ളതു് ?

ശ്രീ. സി. അച്യുതമേനോൻ : ഈ കൊല്ലത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ പല ഡിപ്പാർട്ട്മെൻറിലും ഒന്നുരണ്ടു തസ്തികകളിൽ അങ്ങനെ ഉണ്ടായിട്ടുണ്ടു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : പോലീസു് ഡിപ്പാർട്ട്മെൻറിൽ നിന്നും വല്ല ആവലാതികളും ഇക്കാര്യത്തിൽ കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : കുറെ റപ്രസെൻറേഷൻസു് കിട്ടിയിട്ടുണ്ടു്. അതു് ഏതെല്ലാമാണെന്നു എനിക്കു് ഓർമ്മയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : വെൽഫെയർ ഡിപ്പാർട്ട്മെൻറിലെ ഈച്ചേഴു് സിനും ഉദ്യോഗസ്ഥന്മാർക്കും ശമ്പളം കിട്ടിയിട്ടില്ലെന്നുള്ളതു് ശരിയാണോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ വരാൻ ന്യായമുണ്ടെന്നു തോന്നുന്നില്ല. താൽക്കാലിക തസ്തികകളുടെ കാര്യത്തിലാണു് കാലതാമസം വന്നതു്. മറ്റുള്ളതിൽ അങ്ങനെ കാലതാമസം വരാനുള്ള സാദ്ധ്യതയില്ല.

† As the member was absent, the question was put by Shri P. M. Kunjuraman Nambiar with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly